ഉത്തരം

(എ-സി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്.

ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം

81 (2900) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിൽ ജീവൻ എന്ന കുട്ടി മരണപ്പെട്ടതിനെത്തുടർന്ന് പിതാവായ ശ്രീ. ഷിബു, കുരുവിള വീട്, തൃക്കൂർ എന്നയാൾ ധനസഹായത്തിന് അപേക്ഷ നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ദുരിതാശ്വാസനിധിയിൽ നിന്നും നാളിതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല എന്ന കാര്യം അറിയുമോ ;

(സി) തുക എന്നത്തേക്ക് അനുവദിച്ച് ഉത്തരവ് നൽകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) ശ്രീ. ഷിബു, കുരുവിള വീട്, തൃക്കൂർ എന്നയാൾ തന്റെ മകന്റെ മരണത്തെ തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം

82 (2901) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിൽ മുളങ്ങ് എന്ന പ്രദേശത്ത് ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ച് പണിയിലേർപ്പെട്ടിരുന്ന തൊഴിലാളികൾ മരണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മരണപ്പെട്ട തൊഴിലാളികളുടെ അവകാശികൾ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്ന് വിശദമാക്കാമോ ;

(സി) സംഭവത്തോടനുബന്ധിച്ച് ഇനിയും ധനസഹായം ലഭിച്ചിട്ടില്ലാത്ത ആളുകൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവർക്ക് എന്ന് തുക അനുവദിക്കുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. അപകടത്തിൽപ്പെട്ട് മരണമടഞ്ഞ തൃശ്ശൂർ ജില്ലക്കാരായ മൂന്ന് തൊഴിലാളികളുടെ അവകാശികൾക്ക് 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) വീതം അനുവദിച്ചിട്ടുണ്ട്.

(സി) അപകടത്തിനിരയായ പാലക്കാട് ജില്ലയിലെ 2 തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജനസമ്പർക്ക പരിപാടി-ഓങ്ങല്ലൂർ അബൂൾ ഖാദറിന്റെ മരണം

83 (2902) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ നടന്ന ജനസമ്പർക്ക പരിപാടിയിലേക്ക് മുഖ്യമന്ത്രിയെ കാണാൻ രോഗശയ്യയിൽ നിന്നും കൂട്ടിക്കൊണ്ടുപോയ ഓങ്ങല്ലൂർ കാരക്കാട് പനങ്ങര കുന്നംകുളത്തിങ്കൽ അബൂൾ ഖാദർ യാത്രാമധ്യേ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) രോഗശയ്യയിൽ കിടക്കുന്നവരെ ജനസമ്പർക്ക പരിപാടിയിലേക്ക് വിളിച്ചുവരുത്തുന്ന രീതി അവസാനിപ്പിക്കാനും ഇത്തരമാളുകളുടെ അപേക്ഷകളിൽ ജനസമ്പർക്ക പരിപാടി നടക്കുന്നയുവരെ താമസിപ്പിക്കാതെ ആശ്വാസം എത്തിക്കാനും നടപടി സ്വീകരിക്കുമോ ;

(സി) യാത്രാമധ്യേ മരണപ്പെട്ട അബൂൾ ഖാദറിന്റെ കുടുംബത്തിന് ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly